(ബി) പോളച്ചിറ ഏലായിലുള്ള ഭൂമി ഏകദേശം 400 ഓളം കർഷകരുടെ കൈവശത്തിലാണ്. അതിൽ 200 ഓളം കർഷകർ പുഞ്ചനെൽകൃഷി ചെയ്യുന്നതിന് താൽപ്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) പുഞ്ചകൃഷി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ കർഷകരുടെ ഒരു യോഗം വിളിക്കുകയും ആയത് പ്രകാരം നടത്തിയ ചർച്ചയിൽ നബാർഡ് പദ്ധതി പൂർത്തീകരിക്കാതെ പുഞ്ചകൃഷി ചെയ്യുന്നത് കൃഷിക്ക് അനുകൂലമായിരിക്കില്ലായെന്ന് പൊതുവേ കർഷകർ അഭിപ്രായപ്പെട്ട. നബാർഡ് പദ്ധതി യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വന്നത് പുഞ്ചകൃഷിക്ക് തടസ്സമായിട്ടുണ്ട്.

(ഇ) 2013 വർഷത്തിലെ പുഞ്ചനെൽകൃഷി ചെയ്തപ്പോൾ ഉൽപ്പാദിപ്പിച്ച 320 ടൺ നെല്ലിന് അന്നത്തെ വിലയായ കിലോയ്ക്ക് 16 രൂപ പ്രകാരം 51,20,000 രൂപ ആദായമുണ്ടായിരുന്നു. കൂടാതെ മത്സ്യം ലേലം ചെയ്തത് പ്രകാരവും വരുമാന മുണ്ടായിട്ടുണ്ട്. ഉൽപ്പാദനച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ പുഞ്ചകൃഷി വളരെ ലാഭകരമായിരുന്നു.

ധർമ്മടം നിയോജകമണ്ഡലത്തിലെ കൃഷിവകുപ്പിന്റെ പദ്ധതികൾ

207 (1583) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ധർമ്മടം നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പിന് കീഴിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾ ഏതൊക്കെ ഘട്ടത്തിലാണെന്ന് പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

208 (1584) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കുളങ്ങൾ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന കൃഷി വകുപ്പ് മുഖേന എന്തെല്ലാം പ്രോജക്ടുകളാണ് കുളങ്ങൾ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(സി) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുളങ്ങൾ നവീകരിക്കുന്നതിനായി എത്ര രൂപ ചെലവഴിച്ചു; വിശദ വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ കുളങ്ങൾ സംരക്ഷിക്കുന്നതിനായി ആർ.ഐ.ഡി.എഫ്. XVII സ്കീമിൽ ഉൾപ്പെടുത്തി മുതലമട ഗ്രാമപഞ്ചായത്തിലെ 9 കുളങ്ങളുടെ പുനരുദ്ധാരണത്തിനായി 631.8 ലക്ഷം രൂപയുടെയും ആർ.ഐ.ഡി.എഫ്. XX സ്കീമിൽ ഉൾപ്പെടുത്തി തേനക്കര, തച്ചനാട്ടുകര എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 11 കുളങ്ങൾക്കായി 420.18 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകുകയുണ്ടായി. കൂടാതെ പാലക്കാട് ജില്ലയിലെ 56 കുളങ്ങൾ സംരക്ഷിക്കുന്നതിനായി മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പിന് നബാർഡ് ആർ.ഐ.ഡി.എഫ്. XX പദ്ധതിയിൽ 15.32 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) കേരളത്തിലെ കുളങ്ങളും ചിറകളും ജലാശയങ്ങളും സംരക്ഷിച്ച് കാർഷികാവശ്യങ്ങൾക്ക് പുറമെ ഭൂഗർഭ ജലനിരപ്പ് സംരക്ഷണം, ഗ്രാമീണ മേഖലയിലെ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ, ഉൾനാടൻ മത്സ്യകൃഷി സംരക്ഷണം എന്നീ വിവിധോദ്ദേശ്യ ലക്ഷ്യത്തോടെ സംസ്ഥാന കൃഷിവകുപ്പുമായി ചേർന്ന് കെ.എൽ.ഡി.സി. രൂപം നൽകിയ ഒരു ബൃഹത് പദ്ധതിയാണ് സഹസ്ര സരോവർ പദ്ധതി. ടി പദ്ധതി പ്രകാരം ആർ.ഐ.ഡി.എഫ്./ആർ.കെ.വി.വൈ. സ്കീമുകളിൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി. നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർ, സർക്കാർ ഏജൻസികൾ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ജനപ്രതിനിധികൾ, വിവിധ പാടശേഖര സമിതികൾ തുടങ്ങിയവർ വഴി കെ.എൽ.ഡി.സി.-യുടെ സഹായം ലഭിക്കുന്ന അപേക്ഷകളിന്മേൽ ഉദ്യോഗസ്ഥർ പദ്ധതി സ്ഥലം സന്ദർശിച്ച് പദ്ധതി പ്രയോജനം വിലയിരുത്തി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന്റെ വിവിധ സ്കീമുകളിൽ (ആർ.ഐ.ഡി.എഫ്./ആർ.കെ.വി.വൈ. പദ്ധതികളിൽ) ഉൾപ്പെടുത്തി ഭരണാനുമതി നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന കുളങ്ങൾക്കായി ഇതുവരെ ചെലവഴിച്ച തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

RIDF-XII : 7.125 ലക്ഷം രൂപ

RIDF-XVIII : 519.038 ലക്ഷം രൂപ

RIDF-XIX : 268.657 ലക്ഷം രൂപ

RKVY : 95.005 ലക്ഷം രൂപ

RKVY : 32.117 ലക്ഷം രൂപ

കുട്ടനാട് പാക്കേജ്: 19.35 കോടി രൂപ

(പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾ)

നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമം

209 (1585) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ എത്ര ഏക്കർ നെൽവയലുകൾ ഉണ്ടായിരുന്നു എന്നതിന്റെ വിശദാംശങ്ങൾ കൃഷി വകുപ്പിൽ ലഭ്യമാണോ;

(ബി) ലഭ്യമാണെങ്കിൽ താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം 2015 വരെ എത്ര ഏക്കർ നെൽവയലുകളാണ് പരിവർത്തനം ചെയ്തതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 34353.2425 ഏക്കർ നെൽവയലുകൾ ഉണ്ടായിരുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാണ്.

(ബി) 1. കോഴിക്കോട് താലൂക്ക്-11474.181 ഏക്കർ

2. താമരശ്ശേരി താലൂക്ക്-3287.704 ഏക്കർ

3. കൊയിലാണ്ടി താലൂക്ക്- 9573.9375 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly